IV അറിയിപ്പ്

നിയമസഭാംഗങ്ങളുടെ ഫോട്ടോ എടുക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ഒരു കാര്യം സഭയെ അറിയിക്കാനുണ്ട്. 10-ാം കേരള നിയമസഭയുടെ സ്മാരകമായിട്ട് ഒരു ഗ്രൂപ്പ് ഫോട്ടോ എടുക്കണമെന്നുള്ളത് ഇവിടെയുള്ള ഭൂരിപക്ഷം അംഗങ്ങളുടെയും ആവശ്യമായി പല തവണ പല സെക്ഷനുകളിൽ ഇവിടെ ഉന്നയിക്കുകയുണ്ടായി. അതിനുവേണ്ടി പല ചർച്ചകളും നടത്തി. ചില തീരുമാനങ്ങൾ എടുത്തിരുന്നുവെന്ന കാര്യം അംഗങ്ങളെ അറിയിക്കുകയാണ്. രണ്ടു മൂന്നു തവണ തീരുമാനമെടുത്തിരുന്നു. ഏറ്റവും ഒടുവിൽ ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി കൂടിത്തന്നെ ഇന്നലെ ഫോട്ടോ എടുക്കാൻ നിശ്ചയിച്ചിരുന്നതാണ്. അതു നമുക്ക് നടത്താൻ സാധിക്കാതെ പോയിട്ടുണ്ട്. ആ വിവരം എല്ലാവരേയും അറിയിക്കുകയാണ്. ഇന്ന് ഫോട്ടോ എടുക്കലുണ്ടോ എന്ന് അംഗങ്ങൾ ചോദിക്കുകയാണ്. അത് ഇല്ല എന്നു മാത്രമല്ല ഈ പത്താം കേരള നിയമസഭയെ സംബന്ധിച്ച് എന്നത്തേക്കുമായി ആ കാര്യം അവസാനിപ്പിച്ചിരിക്കുകയാണ്. ... (പ്രതിപക്ഷത്തുനിന്നും കയ്യടി)..... കയ്യടിച്ചതിന്റെ കാര്യം മനസ്സിലായല്ലോ. please hear me, don't disturb ഈ കാര്യത്തിൽ മുൻ കൈയെടുക്കാൻ ചെയറിന് താൽപര്യമില്ലെന്ന കാര്യം ഖേദ പൂർവ്വം അറിയിച്ചുകൊള്ളുന്നു.

ശ്രീ. കെ. ബാബു : കഴിഞ്ഞ പ്രാവശ്യം ഇത്തരത്തിലുള്ള ഒരു സന്ദർഭമുണ്ടായപ്പോൾ ബഹുമാനപ്പെട്ട എം. വി. രാഘവന്റെ പേര് പറഞ്ഞ് ഭരണകക്ഷികൾ തന്നെ തടസ്സവാദമുന്നയിച്ചത് ഓർക്കുന്നുണ്ടോ?

മി. സ്പീക്കർ : എന്നാൽ പിന്നെ എന്തിനാണ് ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടി തീരുമാനിച്ചത് ? ശ്രീ. ബാബു, അങ്ങയുടെ നടപടി ശരിയല്ല. കക്ഷി നേതാക്കന്മാർ ചേർന്ന് എടുത്ത ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനത്തെ ചലഞ്ച് ചെയ്യുകയാണോ ?

സബ്മിഷൻ (തുടർച്ച)

(9) പുഴകളിലും തോടുകളിലും നിന്നുള്ള മണൽ വാരൽ നിയന്ത്രണത്തിൽ അയവ് വരുത്തേണ്ടതിന്റെയും അയൽ സംസ്ഥാനങ്ങളിലേക്ക് മണൽ കടത്തുന്നത് നിയന്ത്രിക്കേണ്ടതിന്റെയും ആവശ്യകത

ശ്രീ. എം.നാരായണൻ (കുഴൽമന്ദം) : പുഴകളിൽ നിന്നും തോടുകളിൽ നിന്നും മണൽ വാരുന്നത് നിയന്ത്രിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ഉപാധികളിൽ അയവു വരുത്തണമെന്നും അന്യസംസ്ഥാനങ്ങളിലേക്കുള്ള മണൽ കടത്തൽ തടയണമെന്നുമാണ് എന്റെ അഭ്യർത്ഥന. മണൽ വാരൽ നിയന്ത്രണം കൊണ്ടുവന്നുകൊണ്ട് തൊഴിൽ രംഗത്തും നിർമ്മാണ രംഗത്തും മാത്രമല്ല ബുദ്ധിമുട്ടുണ്ടാകുന്നത്. 750 രൂപ കൊടുത്താൽ കിട്ടുമായിരുന്ന ഒരു ലോഡ് മണലിന് ഇപ്പോൾ 2,500 രൂപ വരെ കൊടുക്കേണ്ട അവസ്ഥയുണ്ടായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly